എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജ പത്രിക

Oorja Pathrika | A newsletter from Energy Management Centre - Kerala

ലക്കം 2, 2020 ജൂലൈ 05

P02 എനർജി മാനേജ്മെന്റ് സെന്റർ പിന്നിട്ട വഴികൾ

P03 Webinars on 'AI in Energy Efficiency' and 'Energy Audit and Management in HVAC'

P03 BEE and CPWD joint hands for Energy Efficient Buildings

P04 കാർഷിക രംഗത്തെ ഊർജ്ജ സംരക്ഷണം; വെബിനാർ പരമ്പര ആരംഭിച്ചു

P04 EMC celebrated World Micro, Small and Medium-sized Enterprises Day



### പരിസര മലിനീകരണവും അതിനനുബന്ധിച്ച ആരോഗ്യ പ്രശ്നങ്ങൾ തടയുന്നതിനും

## വൈദ്യുത വാഹനങ്ങൾ അനിവാര്യം; ബഹു: വൈദ്യുതി വകുപ്പ് മന്ത്രി

പെട്രോൾ ഡീസൽ വാഹനങ്ങളുടെ ഉപയോഗം പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും അതിനെ തടയുന്നതിന് ലോകമെമ്പാടും സ്വീകരിക്കുന്ന മാർഗ്ഗമായ വൈദ്യുത വാഹനങ്ങളെ ഇന്ത്യയും മാതൃകയാക്കണമെന്ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം. എം. മണി അഭിപ്രായപ്പെട്ടു. എനർജി മാനേജ്മെന്റ് സെന്ററിന്റെ ഔദ്യോഗിക വൈദ്യുത വാഹനം ഫ്ലാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം.

നാഷണൽ മിഷൻ ഓൺ ഇലക്ട്രിക് മൊബിലിറ്റിയുടെ ഭാഗമായി, കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ നിന്നാണ് ടാറ്റ കമ്പനി നിർമിതമായ ടിഗോർ എന്ന വാഹനം എനർജി മാനേജ്മെന്റ് സെന്റർ വാങ്ങിയത്.

മണിക്കൂറിൽ 80 കിലോമീറ്ററിലധികം വേഗത കൈവരിക്കുവാൻ സാധിക്കുന്ന ഈ വാഹനത്തിന് പൂർണ്ണമായ് ചാർജ്ജ് ചെയ്തുകഴിഞ്ഞാൽ 120 കിലോമീറ്ററിലധികം ദൂരം സഞ്ചരിക്കാം. വാഹനം ചാർജ്ജ് ചെയ്യാൻ 8 മണിക്കൂർ വേണമെങ്കിലും, ഡി. സി. ഫാസ്റ്റ് ചാർജിംഗിന്റെ സഹായത്താൽ ഒന്നര മണിക്കൂർ കൊണ്ട് പൂർണ്ണമായ് ചാർജ്ജ് ചെയ്യാം. ഈ വൈദ്യുത വാഹനത്തിന് ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിന് ഏകദേശം ഒരു രൂപയേ ചെലവ് വരികയുള്ളൂ.

ഫ്ലാഗ് ഓഫ് വീഡിയോ: https://qrgo.page.link/MujyW



### തിരുവനന്തപുരം മെഡിക്കൽ കോളേജ്

## ഊർജ്ജ കാര്യക്ഷമതാ പ്രോജക്റ്റ് പൂർത്തിയായി

കേരളത്തിലെ സർക്കാർ ആശുപത്രികൾ ഊർജ്ജ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "എനർജി എഫിഷ്യൻസി ഇൻ ഹോസ്പിറ്റൽസ്" ഇതിന്റെ ആദ്യഘട്ടം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൂർത്തിയായി.

പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എല്ലാ കെട്ടിടങ്ങളിലും വിശദമായ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ കാര്യക്ഷമത കൈവരിക്കാനുള്ള സാധ്യതകൾ കണ്ടെത്തിയിരുന്നു. അതെത്തുടർന്ന് കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്ന് 1 കോടി രൂപ ചെലവാക്കിയാണ് മെഡിക്കൽ കോളേജിലെ കാലപ്പഴക്കം ഉള്ളതും കാര്യക്ഷമത ഇല്ലാത്തതുമായ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചത്. ഇതിന്റെ ഭാഗമായി 4367 LED ട്യൂബ് ലൈറ്റുകൾ 450 LED ബൾബുകൾ 1904 ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകളും മാറ്റി സ്ഥാപിച്ചു. കൂടാതെ ക്യാമ്പസിലെ 83 തെരുവുവിളക്കുകളും 36 ഹൈമാസ്റ്റ് ലൈറ്റുകളും മാറ്റി ഊർജ്ജ കാര്യക്ഷമമായ വിളക്കുകൾ സ്ഥാപിച്ചു. 1.36 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്ന വാർഷിക ലാഭം. കേരള PWD ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

തൃശ്ശൂർ മെഡിക്കൽ കോളേജ്, തൃശ്ശൂർ ജില്ലാ ആശുപത്രി, തൃശ്ശൂർ ചെസ്റ്റ് ഹോസ്പിറ്റൽ, പാലാ ജില്ലാ ആശുപത്രി-കോട്ടയം, കളമശ്ശേരി മെഡിക്കൽ കോളേജ്, തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നിവയിൽ ഇതേ മാതൃകയിൽ ഈ പദ്ധതി നടപ്പിലായി വരുന്നു.

# എനർജി മാനേജ്മെന്റ് സെന്റർ

# പിന്നിട്ട വഴികൾ



കെ. എം. ധരേശൻ ഉണ്ണിത്താൻ
മുൻ ഡയറക്ടർ, ഇ.എം.സി

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഏകോപനം മാത്രം ലക്ഷ്യമാക്കി ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല സ്ഥാപനമായി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) 1996-ൽ നിലവിൽ വന്നു. കാര്യക്ഷമമായ പ്രവർത്തനങ്ങൾകൊണ്ട് പിന്നിട്ട വർഷങ്ങളിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ പല അംഗീകാരങ്ങൾക്കും ഇ.എം.സി അർഹമായിട്ടുണ്ട് .

തിരുവനന്തപുരം കരമന കേന്ദ്രമാക്കി ഓഫീസ് പ്രവർത്തനം ആരംഭിച്ച സെന്ററിന്റെ ആദ്യകാല പ്രവർത്തനങ്ങൾ ഗ്രാമീണ മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളും മാതൃകാപദ്ധതികളുമായിരുന്നു. ഗ്രാമീണ ഊർജ്ജസംരക്ഷണ മാതൃകാ പരിപാടികളിലൂടെ കേരളത്തിലെ ജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിനു മാത്രമല്ല, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനുള്ള ആശയങ്ങൾ ഭരണതലങ്ങളിൽ രൂപപ്പെടുത്തുന്നതിനും ഇ. എം. സിക്കായി. അതിനെ തുടർന്ന് അന്താരാഷ്ട്ര സംഘടനകളായ യുനിഡോ (UNIDO), യു.എൻ എസ്കാപ് (UN ESCAP), യു.എസ്. എയ്ഡ് (USAID), കോമൺ വെൽത്ത് സെക്രട്ടേറിയേറ്റ് എന്നിവയുമായി ചേർന്ന് ധാരാളം പരിപാടികളും, പദ്ധതികളും ഇ.എം.സിയ്ക്ക് നടപ്പിലാക്കാൻ കഴിഞ്ഞു.

കുറഞ്ഞ ജീവനക്കാരുമായി പ്രവർത്തനം ആരംഭിച്ച ഇ.എം.സിയ്ക്ക്, പല സന്നദ്ധ സംഘടനകളും ഗവേഷണ ഏജൻസികളുമായും കൈകോർത്തുകൊണ്ടാണ് ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ സാധ്യമാക്കാനായത്.

ഇ.എം.സിയുടെ ഇതുവരെയുള്ള ചരിത്രത്തിലെ ഒരു വലിയ നാഴികക്കല്ലായ് നോക്കിക്കാണുന്നത് 2001 ലെ കേന്ദ്ര സർക്കാർ ഊർജ്ജസംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള കേരളത്തിലെ ഡെസിഗ്നേറ്റഡ് ഏജൻസിയായി ഇ.എം.സിയെ തിരഞ്ഞെടുത്തു എന്നുള്ളതാണ്. എന്നാൽ അതിനുമുമ്പുതന്നെ ഓരോ മേഖലകൾക്കും അനുയോജ്യമായ ഊർജ്ജസംരക്ഷണ പദ്ധതികൾ ഇ.എം.സി രൂപപ്പെടുത്തി നടപ്പിലാക്കിയിരുന്നു. ഊർജ്ജസംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് ദേശീയ തലത്തിൽ രൂപപ്പെട്ട പദ്ധതികളും ഏറെക്കുറെ ഇവയുടെ ചുവടുപിടിച്ചുള്ളവയായിരുന്നു എന്നതും അഭിമാനിക്കാവുന്ന കാര്യമാണ്.

ഗാർഹിക മേഖലയിൽ വീട്ടമ്മമാർക്ക് വേണ്ടി വനിതാ വാളണ്ടിയർമാർ മുഖേന നടത്തുന്ന ഊർജ്ജക്ലിനിക്ക്, സ്കൂളുകളിൽ ഊർജ്ജസംരക്ഷണ ക്ലബ്ബുകൾ, വ്യവസായങ്ങൾക്കായി ഊർജ്ജ ഓഡിറ്റ്, സാങ്കേതിക വിദഗ്ധർക്ക് എനർജി മാനജേർ/ഓഡിറ്റർ സർട്ടിഫിക്കേഷൻ എന്നിവ അവയിൽ ചിലതാണ്. ഊർജ്ജ ക്ളിനിക് പരിപാടിയിലൂടെ ഊർജ്ജ മേഖലയിലെ സ്ത്രീ സാന്നിദ്ധ്യത്തെപ്പറ്റിയും സ്ത്രീശാക്തീകരണത്തിൽ ഇവയുടെ പങ്കിനെപ്പറ്റിയും USAID പോലുള്ള അന്താരാഷ്ട്ര ഏജൻസികൾ ചർച്ച ചെയ്യുകയും ഇ. എം. സിയുടെ ആഭിമുഖ്യത്തിൽ സാർക്ക് രാജ്യങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി കേരളത്തിൽ പരിപാടികൾ സംഘടിപ്പിക്കുകയും, തുടർന്ന് തെക്കൻ ഏഷ്യയിലെ രാജ്യങ്ങളിലുള്ള വനിതാ പ്രതിനിധികളുടെ ഒരു കൂട്ടായ്മ 'സാവി'(South Asia Initiative for Women in Energy) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കി മാതൃകയായി.

ചെറുകിട ജലവൈദ്യുത പദ്ധതി മേഖലയിൽ ഇ. എം. സി. യുടെ വൈദഗ്ധ്യം മനസ്സിലാക്കിയാണ് യുനിഡോയുടെ ആദ്യത്തെ തെക്കൻ ഏഷ്യൻ രാജ്യങ്ങൾക്കായുള്ള മേഖലാ കേന്ദ്രം പദ്ധതി അടിസ്ഥാനത്തിൽ ഇ. എം. സി. യിൽ സ്ഥാപിച്ചത്. ഈ മേഖലാ കേന്ദ്രത്തിന്റെ സഹായത്തോടുകൂടിയാണ് ഇടുക്കി ജില്ലയിലെ വൈദ്യുതി എത്തിയിട്ടില്ലായിരുന്ന മാങ്കുളം ഗ്രാമപഞ്ചായത്തിൽ 110 കിലോവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കാനായി. ഈ പദ്ധതി പിന്നീട് കെ. എസ്. ഇ. ബി ഗ്രിഡുമായി ബന്ധിപ്പിക്കുകയും ഇന്ത്യയിൽ ആദ്യമായി വൈദ്യുതി വില്പന നടത്തുന്ന ഗ്രാമപഞ്ചായത്തായി മാങ്കുളം മാറുകയും ചെയ്തു.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് ഏർപ്പെടുത്തി. അവാർഡ് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും കാലോചിതമായി അവാർഡ് നിയമങ്ങൾ പരിഷ്ക്കരിച്ച് ഫലപ്രദമായി നടത്തുന്നതിനും ഇ. എം.സിക്കായി.

ഗ്രാമീണ ഊർജ്ജ മേഖലയിൽ വിവിധ മാതൃകാ പദ്ധതികളും കാലോചിതമായി ചിട്ടപ്പെടുത്തി നടപ്പിലാക്കുവാൻ ഇ.എം. സി. ക്ക് സാധിച്ചിട്ടുണ്ട്. ഊർജ്ജകാര്യക്ഷമത കൂടിയ സി. എഫ്. എല്ലുകൾ, പ്രഷർ കുക്കറുകൾ, പാചകോർജ്ജ ലാഭത്തിനായി ഇ.എം.സി വികസിപ്പിച്ചെടുത്ത താപഭരണി എന്നിവ പരിചയപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ, വൈദ്യുതി ഉപയോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സി. എഫ്. എൽ. നൽകിക്കൊണ്ടുള്ള ബചത് ലാമ്പ് യോജന പരിപാടി എന്നിവയിൽ തുടങ്ങി ഇന്ന് എൽ. ഇ. ഡി. വിളക്കുകളും, തെരുവുവിളക്കുകളും സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകൽ മുതൽ മാതൃകാ ഊർജ്ജസംരക്ഷണ ഗ്രാമങ്ങൾ രൂപപ്പെടുത്തി എടുക്കുന്നതുവരെ എത്തി നിൽക്കുന്നു.

ഊർജ്ജസംരക്ഷണ നിയമപ്രകാരം വ്യവസായങ്ങളിൽ ഊർജ്ജ മാനേജർമാരെ നിയമിക്കണം എന്ന വ്യവസ്ഥ വരുന്നതിനു മുൻപ് 1997-ൽ തന്നെ പല പൊതുമേഖലാ വ്യവസായങ്ങളിലും പരിശീലനം ലഭിച്ച ഊർജ്ജ മാനേജർമാരെ നിയമിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഇഎംസി ചെയ്തിട്ടുണ്ട്. ഊർജ്ജ ഓഡിറ്റർമാരെ എംപാനൽ ചെയ്ത് സേവനം ആവശ്യമുള്ളവർക്ക് ലഭ്യമാക്കുന്നതിനും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് പലവിധ സഹായ പദ്ധതികളും ഇ.എം.സി ഇപ്പോഴും നടത്തി വരുന്നു.

ഇ.എം.സിയുടെ ഗവേഷണപ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ് ടെമ്പറേച്ചർ മോണിറ്ററിംഗ് ആന്റ് അലേർട്ടിംഗ് സിസ്റ്റം (T-MAS), ഇഷ്ടിക വ്യവസായങ്ങളിലെ ഊർജ്ജ കാര്യക്ഷമത കൂട്ടുന്നതിനായ് വികസിപ്പിച്ചതാണെങ്കിലും തൽഫലമായി ഇഷ്ടികകളുടെ മെച്ചപ്പെട്ട ഗുണനിലവാരം നേടുന്നതിനും സഹായകമായി. തുടർന്ന് ഫരിദാബാദിലെ ഗ്ലാസ് വ്യവസായങ്ങളിലും ഈ സാങ്കേതികവിദ്യ ഫലപ്രദമായി നടപ്പിലാക്കി.

2008-ൽ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയതു മുതൽ പത്ത് തവണ ദേശീയ അവാർഡ് ഇ.എം.സിയ്ക്ക് ലഭിച്ചത് സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടത്താൻ സാധിച്ചു എന്നതിന്റെ തെളിവായി സ്വീകരിക്കാം.

# Webinars on 'AI in Energy Efficiency' and 'Energy Audit and Management in HVAC'

As part of the webinar series titled 'Energy Efficiency in all walks of life - From Lamp to Boilers' Energy Management Centre had conducted webinars on 'Energy Audit and Management in HVAC' on 19/06/2020 and on 'Artificial Intelligence in Energy efficiency' on 20/06/2020.

The Session on 'Energy Audit and Management in Energy Efficiency' was handled by Dr. Rajesh Deshpande, Certified Energy Auditor. 97 participants from various industries, energy professionals and UG & PG students of various universities attended the session. The Webinar session on 'Artificial Intelligence in Energy Efficiency' was handled by Mr. Mathew Joseph, Vice President, Apar Technologies Pvt. Ltd. 145 participants from various industries, energy professionals and UG & PG students of various universities attended the session.




## Online Course on ECBC Compliance Check through Energy Simulation

First Batch (June 2020) passes out

EMC-Kerala's first online certificate course on ECBC compliance check through Energy Simulation made an effective impetus among Building professionals and created a new interest among them to take part in the Energy Efficiency Revolution in the Building sector even though the situation of social distancing due to COVID-19 was providing hurdles. The program was established by EMC-Kerala on 8th June 2020, headed by the expert team for a duration of 7-days. Government executives, private consultants, independent architects, practicing engineers, etc., had taken part in the course. With an intent to impart maximum professional awareness in this significant event, the first day of the program was open to all interested professionals. The Day-One, titled as the "Awareness on ECBC" had 101 participants which was enriched by one of the Masterminds behind the establishment of ECBC in country, Mr. Tanmay Tathagat, Director of Environmental Design Solutions inculcating thoughts in participants about the importance and vital role of ECBC. BEE Certified Master Trainers having an immense experience in the field of Sustainability and Energy Efficiency handled the following sessions. Phase one of the course which began with the 2nd session was handled by Mrs. Samhitha M., MD, Ela Green Buildings and Infrastructure Consultants Pvt. Ltd. dealt with ECBC - its characteristics and codal provisions, continued till the end of the second day. The Phase two of the course was handled by Mr. Mahesh Kumar. M, Principal Consultant of TransGreen, who followed on from 3rd day onwards. Those comprehensive sessions spanning 4 days concentrated on usage of Energy Simulation Tools for ECBC Compliance appraisal adopting a Whole Building Performance Approach. A full day evaluation of the trainees including an online MCQ test and a practical project design test happened on the final day.

## BEE and CPWD joins hand for Energy Efficient Buildings

The Bureau of Energy Efficiency (BEE) and Central Public Works Department (CPWD) had inked a pact to make 150 buildings energy efficient thereby saving millions of units of Electricity.

In the first stage of the project, these buildings will be taken under star rating scheme and also promote energy efficiency in the CPWD managed buildings. It is anticipated that this initiative will result in energy saving of more than 50 million units in the first stage.

The star rating scheme for buildings is based on the actual performance of a building in terms of its specific energy usage in kwh/sqm/year. The scheme rates office buildings on a scale of 1-5, with 5-star labelled buildings being the most efficient.

An MoU was signed between Abhay Bakre, Director General, BEE and Prabhakar Singh, Director General, CPWD in this regard will be in force for a period of 5 years.

For more: https://qrgo.page.link/V8qYa

Layout & Design: Prajeesh A.

# കാർഷിക രംഗത്തെ ഊർജ്ജ സംരക്ഷണം

## വെബിനാർ പരമ്പര ആരംഭിച്ചു

കാർഷികരംഗത്തെ ഊർജ്ജസംരക്ഷണം മുൻനിർത്തി എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടിയിലെ ആദ്യ അവതരണം 25/06/2020 ന് നടന്നു. കൃഷിയിടങ്ങളിലെ ഊർജ്ജ കാര്യകഷമത എന്ന വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാല പ്രൊഫസർ ഡോ. ഷാജി ജയിംസാണ് അവതരണം നടത്തിയത്. കൃഷിയിടങ്ങളിലെ ഊർജ്ജ ആവശ്യം, വിവിധതരം കാർഷിക ഉപകരണങ്ങളും അവയുടെ ഊർജ്ജ കാര്യക്ഷമത, വീട്ടുവളപ്പിലെ കൃഷിയും ഊർജ്ജകാര്യക്ഷമതയും എന്നീ ആശയങ്ങളിലൂന്നിയ അവതരണമാണ് നടന്നത്.

കർഷകർ, കാർഷിക എഞ്ചിനീയർമാർ, ഊർജ്ജ വിദഗ്ധർ, വിദ്യാർത്ഥികൾ മുതലായ 36 പേരുടെ പങ്കാളിത്തം ഒന്നര മണിക്കൂറോളം നീണ്ടുനിന്ന വെബിനാറിൽ ഉണ്ടായിരുന്നു. വെബിനാറിനെ തുടർന്ന് വിഷയത്തിൽ ലഘു ചർച്ചയും നടന്നു.

ബഹുകൃഷിവകുപ്പ് മന്ത്രിയുടെ ആശംസാ സന്ദേശത്തോടെ ആരംഭിച്ച പരിപാടിയിൽ എനർജ്ജിമാനേജ്മെന്റ് സെന്റർ ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു.

## ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങളുടെ വിതരണത്തിനുള്ള

# എംപാനൽമെന്റിനു വേണ്ടി അപേക്ഷകൾ ക്ഷണിച്ചു

MORE STARS MORE SAVINGS
POWER SAVING GUIDE

എനർജി മാനേജ്മെന്റ് സെന്റർ - കേരളയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങളുടെ വിതരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിർമ്മാതാക്കൾ / വിതരണക്കാർക്കായുള്ള എംപാനൽമെന്റിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.

കേരളത്തിന് അകത്തും പുറത്തുമായുള്ള കേന്ദ്ര സർക്കാർ ഊർജ്ജ മന്ത്രാലയത്തിലെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ) നിർദ്ദേശിച്ചിട്ടുള്ള 5-സ്റ്റാറോ 4 -സ്റ്റാറോ സർട്ടിഫിക്കേഷൻ ഉള്ള ഉപകരണങ്ങളുടെയും മറ്റ് ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെയും നിർമ്മാതാക്കൾ/ വിതരണക്കാർ എന്നിവരിൽ നിന്നും ആണ് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും പ്രവർത്തിക്കുന്ന ഊർജ്ജമിത്ര കേന്ദ്രങ്ങളെ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ വിതരണ കേന്ദ്രങ്ങളായി ഉപയോഗിക്കുവാനും അതിലൂടെ കേരളത്തിലെ ഏതു സ്ഥലത്ത് വേണമെങ്കിലും ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഉള്ള സുവർണ്ണ അവസരമാണ് ഉപകരണ നിർമ്മാതാക്കൾ/ വിതരണക്കാർക്ക് കൈവരുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് ന്യായമായ നിരക്കിൽ ഏറ്റവും കാര്യക്ഷമമായ ഉപകരണങ്ങൾ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ലഭ്യമാക്കാനും അതിലൂടെ ഊർജ്ജ കാര്യക്ഷമമായ ഒരു ഉപഭോക്തൃ സംസ്കാരം വളർത്താനുമാണ് ഇ.എം.സിയുടെ ലക്ഷ്യം.

# EMC celebrated World Micro, Small and Medium-sized Enterprises Day

27th June 2020

Small businesses, including those run by women and young entrepreneurs, are being hit hardest by the economic fall-out of the covid 19 pandemic. Unprecedented lockdown measures to contain the spread of the coronavirus have resulted in supply chain disruptions and a massive drop in demand in most sectors.

According to the data provided by the International Council for Small Business (ICSB), formal and informal Micro-, Small and Medium-sized Enterprises (MSMEs) make up over 90% of all firms and account on average for 70% of total employment and 50% of GDP.

UN - General Assembly decided to declare 27th June as the Micro, Small and Medium-sized Enterprises Day to raise public awareness of their contribution to sustainable development and global economy.

In connection with this, Energy Management Centre on behalf of Govt of Kerala and Bureau of Energy Efficiency have released Posters focussing on Energy Efficiency in MSMEs Post Covid 19.

Those industries who are further interested to display the same in their plant or offices, may contact EMC. The printed copy of all the versions of these posters are available at nominal charges. MSMEs may please register to get the same on https://forms.gle/oZDURtQSavEbL6129.

For further details, you may also contact us @ 9495191019 / aneeshrajendran@keralaenergy.gov.in

# ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം

## പ്രതിവാര ഫോൺ-ഇൻ പരിപാടി ആരംഭിച്ചു

ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന വിഷയവുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് എനർജി മാനേജ്മെന്റ് സെന്ററിലെ ഊർജ്ജ വിദഗ്ധർ മറുപടി നൽകുന്ന ഫോൺ ഇൻ പരിപാടി 10/06/2020 ഇ.എം.സിയിലെ ഇ.എസ്.എസ്. വിഭാഗം തലവൻ ശ്രീ. ദിനേശ് കുമാറുമായുള്ള അഭിമുഖ സംഭാഷണത്തോടെ തുടക്കമിട്ടു. എല്ലാ ആഴ്ചകളിലെയും പരിപാടികൾ കാണുന്നതിനായി ലിങ്ക് സന്ദർശിക്കുക. ഫോൺ ഇൻ പരിപാടിയുടെ തത്സമയ/ റെക്കോർഡ്ചെയ്ത ദൃശ്യങ്ങൾ എനർജി മാനേജ്മെന്റ് സെന്ററിന്റെ ഫേസ്ബുക് പേജിലും യൂട്യൂബ് ചാനലിലും ലഭ്യമാണ്.

Energy Management Centre Facebook page: https://www.facebook.com/energymanagementcentre

Energy Management Centre Youtube channel: https://qrgo.page.link/XQpiq

EMC Facebook page

EMC YouTube channel

Oorja Pathrika, Issue-2, 2020 July 5th

Published by Dr. R. Harikumar, Director (i/c), EMC

**Editorial board**
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Anoop Surendran (Member)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256